**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 184** — **23-01-2025 - ൽ മറുപടിയ്ക്ക്**

**വിതുര താലൂക്ക് ആശുപത്രി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര നിയോജക മണ്ഡലത്തിലെ വിതുര താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | വിതുര താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സിവിൽ വർക്കുകൾ എല്ലാം പൂർത്തിയായിട്ടുണ്ട്. രണ്ട് ഡയാലിസിസ് ടെക്നീഷ്യൻമാരെ നാഷണൽ ഹെൽത്ത് മിഷൻ മുഖേന വേതനം നൽകി 6 മാസത്തേക്ക് നിയമിക്കുകയും, ആർ.ഒ. പ്ലാന്റിന്റെ വെള്ളം പരിശോധനയ്ക്ക് അയക്കുകയും, ഡയാലിസിസ് മെഷീനിന്റെ ബാറ്ററി മെയിന്റൻസ് സംബന്ധിച്ച് NIPPO കമ്പനിയുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുകയും, നിലവിലെ ജനറേറ്റർ KEL മുഖേന സർവീസ് നടത്തുകയും, കെ.എസ്.ഇ.ബി. മുഖേന കേബിൾ ഉയർത്തിക്കെട്ടാനും പുതിയ പോസ്റ്റ് സ്ഥാപിക്കാനുമുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2025 ജനുവരിയിൽ തന്നെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനസജ്ജമാകുന്നതാണ്. |
| (ബി) | ഈ ആശുപത്രിയിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ മാലിന്യ സംസ്കരണത്തിന് IMAGE മായി ബന്ധപ്പെട്ട് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ